പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 22-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

959/2019.

# 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 5-ാം വകുപ്പ് 2019 മാർച്ച് 2-ാം തീയതിയും ശേഷിക്കുന്ന വകുപ്പുകൾ 2019 മാർച്ച് 6-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 48-ാം വകുപ്പിനുള്ള ഭേദഗതി.— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 48-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "സർക്കാർ സർവ്വീസിൽ നിർണ്ണയിക്കപ്പെടുന്ന കേഡറിലുള്ള" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ, അതതുസമയം, നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന ശമ്പളവും അലവൻസുകളും കൂടാതെ അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്കായി സർക്കാരിന്റെ കീഴിലുള്ള അയാളുടെ

സേവന വ്യവസ്ഥകൾ പ്രകാരം അയാളോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ടതായ അംശദായങ്ങൾ മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.

(3 എ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിമാരുടെ തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ സെക്രട്ടറിമാരെ, സർക്കാരിനു ആവശ്യമെന്ന് തോന്നുന്ന മറ്റു സർക്കാർ ജീവനക്കാരോടൊപ്പം ഉൾപ്പെടുത്തി സംസ്ഥാനത്തിനൊട്ടാകെയോ അല്ലെങ്കിൽ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായോ കേഡറായോ രൂപീകരിക്കുന്നതിനു കൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്." .

3. <u>222-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 222-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിൽ "പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം" എന്ന വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരും ജീവനക്കാരും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്.

(1 എ) മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും, സർക്കാർ, അതതു സമയം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളവും അലവൻസുകളും മുനിസിപ്പാലിറ്റി നൽകേണ്ടതും സർക്കാരിന്റെ കീഴിലെ അവരുടെ സേവന വ്യവസ്ഥകൾ പ്രകാരം അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയിലേക്ക് അവരോ അവർക്കുവേണ്ടിയോ നൽകേണ്ടതായ അംശദായങ്ങൾ നൽകേണ്ടതുമാണ്.

(1 ബി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ

നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.".

4. 224-ാം വകുപ്പിനുള്ള ഭേദഗതി. പ്രധാന ആക്റ്റിലെ 224-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "മുനിസിപ്പൽ പൊതു സർവ്വീസിൽ" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണവകുപ്പ് പൊതു സർവ്വീസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 326-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 326-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 326-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ, പൊതുസ്ഥലത്തു നിന്നോ സ്വകാര്യസ്ഥലത്തു നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയൊഴിയുന്നതിനും മുഴുവനായോ ഭാഗികമായോ ഏർപ്പാടു ചെയ്യാവുന്നതാണ്. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം, ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള

മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവുവരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.

2. മേൽ പ്രസ്താവിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി ആവശ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, മേൽപ്രസ്താവിച്ച പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഭൂമി ഗസറ്റ് വിജ്ഞാപനം വഴി ഏറ്റെടുക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2019 മാർച്ച് 2-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 18-ാം നമ്പർ ഓർഡിനൻസായി 2019 മാർച്ച് 2-ാം തീയതിയിലെ 552-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2016-ൽ ബഹുമാനപ്പെട്ട കേരള ഗവർണ്ണർ കേരള നിയമസഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ ഒരു കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് 2011 ഫെബ്രുവരിയിൽ എടുത്ത നയപരമായ തീരുമാനം പ്രാവർത്തികമാക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ്

സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വേണ്ടി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിയെ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങുന്ന 48-ാം വകുപ്പും പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച 222-ാം വകുപ്പും നിയമനാധികാരികളെ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങുന്ന 224-ാം വകുപ്പും ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

5. മേൽപ്പറഞ്ഞ ഭേദഗതി വഴി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റിലെ (1968-ലെ 19) വ്യവസ്ഥകൾക്ക് കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് ചട്ടങ്ങളും സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളും പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാനും കൂടി ഉദ്ദേശിക്കുന്നു.

6. പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2019 മാർച്ച് 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി 2019 മാർച്ച് 6-ാം തീയതിയിലെ 599-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2019 മെയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 203-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 28) 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജൂലൈ 6-ാം തീയതിയിലെ 1505-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2019-ലെ 28-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 48-ാം വകുപ്പ് (3എ) ഉപവകുപ്പ്, സെക്രട്ടറിമാരുടെ തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ നിയന്ത്രിക്കുന്നതിനും സെക്രട്ടറിമാരെ, സർക്കാരിനു ആവശ്യമെന്ന് തോന്നുന്ന മറ്റു സർക്കാർ ജീവനക്കാരോടൊപ്പം ഉൾപ്പെടുത്തി സംസ്ഥാനത്തിനൊട്ടാകെയോ അല്ലെങ്കിൽ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായോ കേഡറായോ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 222-ാം വകുപ്പ് (1ബി) ഉപവകുപ്പ്, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമനസമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ നിയന്ത്രിക്കുന്നതിനും ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 5-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 326-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി ഏറ്റെടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

എ. സി. മൊയ്തീൻ.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

### സെക്രട്ടറി

48. <u>മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി.</u>—(1) ഏതൊരു മുനിസിപ്പാലിറ്റിക്കും സർക്കാർ ആ മുനിസിപ്പാലിറ്റിയുമായി ആലോചിച്ച് നിയമിക്കുന്ന ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും അദ്ദേഹം സർക്കാർ സർവ്വീസിൽ നിർണ്ണയിക്കപ്പെടുന്ന കേഡറിലുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കേണ്ടതും മുനിസിപ്പാലിറ്റിയുടെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും മുനിസിപ്പാലിറ്റിയിലെ മറ്റ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും അദ്ദേഹത്തിന്റെ കീഴ് ജീവനക്കാരായിരിക്കുന്നതുമാണ്.

** ** ** **

(3) സർക്കാർ അതതു സമയം നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽനിന്ന് കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.

** ** ** **

(13) സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം, മുനിസിപ്പാലിറ്റിയുടെ അധീനതയിൽ വിട്ടുകൊടുത്ത സർക്കാർ ഉദ്യോഗസ്ഥരെ എക്സ് ഒഫിഷ്യോ സെക്രട്ടറിമാരായി നിയമിക്കാവുന്നതും അപ്രകാരം നിയമിക്കപ്പെടുന്നവർക്ക് അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ സെക്രട്ടറിയുടെ എല്ലാ അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, പുനഃപരിശോധിക്കപ്പെടേണ്ട ഉത്തരവുകൾ അപേക്ഷകന് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസം കഴിഞ്ഞതിനു ശേഷം പുനഃപരിശോധനയ്ക്ക് വേണ്ടിയുള്ള യാതൊരപേക്ഷയിന്മേലും നടപടിയെടുക്കേണ്ടതില്ലാത്തതുമാകുന്നു.

എന്നുമാത്രമല്ല, സർക്കാർ ഏതെങ്കിലും കക്ഷിയെ ബാധിക്കുന്ന ഒരു ഉത്തരവ് ആ കക്ഷിക്ക് ഒരു നിവേദനം നൽകാനുള്ള ഒരു അവസരം ലഭിച്ചിട്ടില്ലാത്തപക്ഷം പാസ്സാക്കാൻ പാടുള്ളതല്ല. തന്നെയുമല്ല പുനഃപരിശോധിക്കപ്പെടേണ്ട ഉത്തരവിന്റെ തീയതിക്കുശേഷം ഒരു വർഷത്തിലധികമായിട്ടുണ്ടെങ്കിൽ സർക്കാർ സ്വമേധയാ ഒരു പുനഃപരിശോധനയും നടത്താൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിൽ ലഘുശിക്ഷ എന്നതിന് 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിൽ ലഘുശിക്ഷക്ക് നൽകിയിട്ടുള്ള അതേ അർത്ഥമാകുന്നു.

** ** ** **

## എസ്റ്റാബ്ലിഷ്മെന്റ്

222. പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം.—(1) സർക്കാരിന്, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ കീഴിൽ സർവ്വീസിലുള്ള ജീവനക്കാർക്കായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി ഒരു പൊതു മുനിസിപ്പൽ സർവ്വീസ് രൂപീകരിക്കാവുന്നതും മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ റിക്രൂട്ടുമെന്റും സേവന വ്യവസ്ഥകളും ക്രമീകരിക്കാവുന്നതാണ്.

** ** ** **

(9) ഏതൊരു മുനിസിപ്പാലിറ്റിയും അതിന്റെ ഉദ്യോഗസ്ഥൻമാരുടേയും, ജീവനക്കാരുടെയും സേവനം, സർക്കാർ ഭരമേൽപ്പിച്ചതും ഏതെങ്കിലും പദ്ധതിയുടെയോ, പ്രോജക്ടിന്റെയോ പ്ലാനിന്റെയോ നടത്തിപ്പ് ഉൾപ്പെടുന്നതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്, ലഭ്യമാക്കേണ്ടതാണ്:

എന്നാൽ, പുനഃപരിശോധന ചെയ്യുവാനുള്ള യാതൊരു അപേക്ഷയും പുനഃപരിശോധനയ്ക്ക് വിധേയമാക്കാനുള്ള ഉത്തരവ് അപേക്ഷകന് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസം കഴിഞ്ഞാൽ പരിഗണിക്കാൻ പാടുള്ളതല്ല:

മാത്രമല്ല ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരു ഉത്തരവും അയാൾക്ക് ഒരു നിവേദനം ബോധിപ്പിക്കുവാനുള്ള അവസരം നൽകിയ ശേഷമല്ലാതെ സർക്കാർ പാസ്സാക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, പുനഃപരിശോധനയ്ക്ക് വിധേയമാക്കാനുള്ള ഉത്തരവിന്റെ തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ സർക്കാർ സ്വമേധയാ ഒരു പുനഃപരിശോധനയും നടത്താൻ പാടില്ലാത്തതാകുന്നു.

** ** ** **

224. നിയമനാധികാരികൾ.—(1) മുനിസിപ്പൽ സർവ്വീസിലെ കണ്ടിജന്റ് തസ്തികകളെ സംബന്ധിച്ച് നിയമനാധികാരി കൗൺസിൽ ആയിരിക്കുന്നതും കൗൺസിലിന്റെ അംഗീകാരത്തോടെ സെക്രട്ടറി അവർക്ക് നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

(2) മുനിസിപ്പൽ പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ അല്ലാത്തതോ ആയ മറ്റ് തസ്തികകളെ സംബന്ധിച്ച് നിയമനാധികാരി സർക്കാരോ അവർ ഇതിലേക്കായി അധി കാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയിരിക്കുന്നതാണ്.

** ** ** **

## മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ

326. ചവറും ഖരാവസ്ഥയിലുള്ള വർജ്യവസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി ഏർപ്പാടു ചെയ്യണമെന്ന്.—(1) ഓരോ മുനിസിപ്പാലിറ്റിയും,—

(എ) പതിവായി തെരുവുകൾ തൂത്തുവാരുന്നതിനും വൃത്തിയാക്കുന്നതിനും അവിടെ നിന്ന് ചവറ് നീക്കം ചെയ്യുന്നതിനും;

(ബി) സ്വകാര്യ പരിസരങ്ങളിൽനിന്നും മാലിന്യങ്ങളും മൃഗശവങ്ങളും ദിവസേന നീക്കം ചെയ്യുന്നതിനും;

(സി) ഖരാവസ്ഥയിലുള്ള വർജ്യവസ്തുക്കൾ നീക്കം ചെയ്യുന്നതിനും;

(ഡി) കുപ്പത്തൊട്ടിയിലും സ്വകാര്യ പരിസരങ്ങളിലും നിന്ന് ചവറ് ദിവസേന നീക്കം ചെയ്യുന്നതിനും മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതും, ഈ ഉദ്ദേശത്തോടുകൂടി അത്:—

(i) മാലിന്യവും ചവറും മൃഗശവങ്ങളും ഇടുന്നതിനുള്ള ഡിപ്പോകളും സംഭരണികളും സ്ഥലങ്ങളും;

(ii) മാലിന്യം നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള മൂടിയ വാഹനങ്ങളും പാത്രങ്ങളും;

(iii) ചത്തുപോയ വലിയമൃഗങ്ങളെയും ചവറും നീക്കം ചെയ്യുന്നതിനു വേണ്ടി വാഹനങ്ങളും അല്ലെങ്കിൽ പറ്റിയ മറ്റു മാർഗ്ഗങ്ങളും;

(iv) ഗാർഹിക ചവറും, പൊടി, ചാരം, എച്ചിലുകൾ, ചവറ് അസഹ്യതയുണ്ടാക്കുന്ന വസ്തുക്കൾ, വ്യാവസായിക അവശിഷ്ടങ്ങൾ സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ മൃഗശവങ്ങൾ എന്നിവ താൽക്കാലികമായി ഇടുന്നതിനുള്ള ചവറുകുട്ടകളും സംഭരണികളും സ്ഥലങ്ങളും ഏർപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു.

** ** ** **

(3) മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ, പൊതുസ്ഥലത്തു നിന്നോ സ്വകാര്യ സ്ഥലത്തു നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയൊഴിയുന്നതിനും മുഴുവനായോ ഭാഗികമായോ ഏർപ്പാട് ചെയ്യാവുന്നതാണ്.

(4) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവുവരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.